# കർത്താവിൽ ശക്തിപ്പെടുക

## എഫെസ്യർ 6:10

''ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ.''

എഫെസ്യർ 6:10 ൽ പറഞ്ഞിരിക്കുന്നതുപോലെ നാം കർത്താവിലും അവന്റെ ബലത്തിലുമാണ് ശക്തിപ്പെടേണ്ടത്. നാം ആയിരിക്കുന്ന ഈ ലോകം ഇന്ന് പിശാചിന്റെ നിയന്ത്രണത്തിലാണ്. പിശാചിന്റെ പരമമായ ലക്ഷ്യം നമ്മെ ഒന്നിനും കൊള്ളാത്തവരാക്കി നശിപ്പിക്കുക എന്നതാണ്. അതുകൊണ്ടാണ് പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ നാം ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കേണ്ട ആവശ്യകതയെ അപ്പോസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നത്. സഹായിപ്പാൻ കഴിയാത്ത മനുഷ്യരിലും, പ്രഭുക്കന്മാരിലും ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലതെന്ന് സങ്കീർത്തനക്കാരൻ നമ്മോടു പറയുന്നു (സങ്കീ. 118:8,9).

നാം ലോകമോഹങ്ങളിൽ മുഴുകുമ്പോൾ ദൈവത്തിൽ നിന്ന് പതിയെ അകലുവാൻ ഇടയാകും. അവസരങ്ങൾക്കായി പതിയിരിക്കുന്ന പിശാച് ഈ തക്കം മുതലെടുക്കുകയും നാം കൂടുതൽ ലോകത്തിന്റെ ആഡംബരങ്ങളിലേക്ക് ആകർഷിക്കപ്പെടുകയും വലിയ ആപത്തുകളിലേക്ക് വീഴാൻ ഇടയാകുകയും ചെയ്യും. എന്നാൽ കർത്താവിൽ നാം ശക്തിപ്പെടുമ്പോൾ നമ്മെ നശിപ്പിപ്പാൻ ആർക്കും സാധ്യമല്ല. അതെ, നമ്മെ ശക്തനാക്കുന്നവൻ മുഖാന്തരം നാം സകലത്തിലും മതിയായവൻ ആകുന്നു.

യെശയ്യാപ്രവചനത്തിൽ ഇപ്രകാരം പറയുന്നു. 'യഹോവ നിത്യ ദൈവം, ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ, അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല. അവന്റെ ബുദ്ധി അപ്രമേയമത്രെ. അവൻ ക്ഷീണിച്ചിരിക്കുന്നവനു ശക്തി നല്കുന്നു. ബലമില്ലാത്തവനു ബലം വർദ്ധിപ്പിക്കുന്നു (യെശയ്യാവു 40:28,29). ക്ഷീണിച്ചും തളർന്നും ഇരിക്കുന്ന ഒരു ദൈവപൈതലിന് വളരെയേറെ ആശ്വാസം നൽകുന്ന ഒരു വാക്യമാണിത്.

സ്വന്തബലത്തിൽ ആശ്രയിക്കുന്നവർ നിലനില്ക്കയില്ല എന്ന് അനേകം യിസ്രായേൽ രാജാക്കന്മാരുടെ ചരിത്രത്തിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. കാലാൾപ്പടയും, കുതിരപ്പടയുമൊക്കെ ധാരാളം ഉണ്ടായിരുന്നിട്ടും യുദ്ധത്തിൽ അവർ തോറ്റുപോയിട്ടുണ്ട്. എന്നാൽ തന്റെ നേരെ പാഞ്ഞടുത്ത മല്ലനായ ഗോല്യാത്തിനെ തോല്പിക്കാൻ ദാവീദിന് വെറും ഒരു പൊക്കണവും, കുറച്ചു കല്ലുകളും, ഒരു കവിണയുമേ വേണ്ടി വന്നുള്ളു. എന്തുകൊണ്ടെന്നാൽ ദാവീദിനു തന്റെ ബലത്തിലല്ല, മറിച്ച്

സൈന്യങ്ങളുടെ യഹോവയിലും അവന്റെ ശക്തിയിലും ആയിരുന്നു വിശ്വാസം. അപ്രകാരമുള്ള വിശ്വാസം നമുക്ക് ഓരോരുത്തർക്കും ഉണ്ടാവട്ടെ.

പരാമർശം :

2 കൊരിന്ത്യർ 12:9,10

അവൻ എന്നോടു: എന്റെ കൃപ നിനക്കുമതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നു പറഞ്ഞു. ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന്നു ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും. അതുകൊണ്ടു ഞാൻ ക്രിസ്തുവിന്നു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ടു, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു; ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു.

## സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 004